അടയമൺ ഹരിജൻ കോളനിയിലെ പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെ ഉന്നമനം

1783 [2705] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജക മണ്ഡലത്തിലെ അടയമൺ ഹരിജൻ കോളനിയിലെ പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെയും മറ്റും ഉന്നമനത്തിനുവേണ്ടി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇത് ഒരു ഹരിജൻ സങ്കേതമാണ്. ഇവിടെ 1982 ഏപ്രിൽ മുതൽ 1986 സെപ്റ്റംബർ വരെ ഒരു വീട് വൈദ്യുതീകരിക്കുന്നതിനു, മൂന്നു കക്കൂസുകളും, മൂന്നു കുളിമുറികളും നിർമ്മിക്കുന്നതിനും, 20 വീടുകൾ ഓല മേയുന്നതിനും, ഒരു വീട് ഓട് മേയുന്നതിനും ഉള്ള ധനസഹായം നൽകിയിട്ടുണ്ട്.

ഇടകടത്ത് ഹരിജൻ കോളനിയിലെ പട്ടികജാതി—പട്ടിക വർഗ്ഗക്കാരുടെയും മറ്റും ഉന്നമനം

1784 [2706] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജക മണ്ഡലത്തിലെ ഇടകടത്ത് ഹരിജൻ കോളനിയിലെ പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെയും മറ്റും ഉന്നമനത്തിനുവേണ്ടി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കിളിമാനൂർ നിയോജക മണ്ഡലത്തിലെ ഇടകടത്ത് എന്ന സ്ഥലത്ത് ഔദ്യോഗികമായ ഹരിജൻ കോളനിയൊ സങ്കേതമോ ഇല്ല. അതിനാൽ ചോദ്യം ഉദിക്കുന്നില്ല.

അവശ ക്രൈസ്തവ വികസന കോർപ്പറേഷൻ

1785 [2707] ശ്രീമതി പി. ദേവൂട്ടി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ ക്രൈസ്തവ വികസന കോർപ്പറേഷൻ ഇപ്പോൾ നിലവിലുണ്ടോ;

(ബി) 1986-87 സാമ്പത്തിക വർഷത്തിൽ ഇതിനുവേണ്ടി എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(സി) ഈ കോർപ്പറേഷൻ മുഖേന എന്തെല്ലാം പദ്ധതികളാണിപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) 3:5 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോർപ്പറേഷൻ താഴെ പറയുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.

1. കൃഷിഭൂമി വാങ്ങുന്നതിനുള്ള വായ്പാ പദ്ധതി.
2. ഓട്ടോറിക്ഷാ വാങ്ങുന്നതിനുള്ള പദ്ധതി.
3. മാർജിനൽ മണി സ്കീം.
4. വിദേശത്ത് ജോലി സമ്പാദിക്കുന്നതിനുള്ള വായ്പാ പദ്ധതി.
5. എസ്. എസ്. എൽ. സി. പരീക്ഷയ്ക്കും ഒന്നാം ക്ലാസ്സിൽ പാസ്സാകുന്നവർക്ക് പ്രോൽസാഹന ഗ്രാന്റ് നൽകുന്ന പദ്ധതി.
6. സ്വയംസഹായ ഭവന നിർമ്മാണ പദ്ധതി.
7. പ്രകൃതിക്ഷോഭം മൂലം ദുരിതമനുഭവിക്കുന്നവർക്ക് സന്നദ്ധ സംഘടനകളുടെ സഹായത്തോടു കൂടിയുള്ള ഭവനനിർമ്മാണ പദ്ധതി.

കിളിക്കോട്ടുകോണം ഹരിജൻ കോളനിയിലെ പട്ടികജാതി—പട്ടിക വർഗ്ഗക്കാരുടെ ഉന്നമനം

1786 [2708] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജക മണ്ഡലത്തിലെ കിളിക്കോട്ടുകോണം ഹരിജൻ കോളനിയിലെ പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെയും മറ്റും ഉന്നമനത്തിനുവേണ്ടി ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കിളിക്കോട്ടുകോണത്ത് പട്ടികജാതി വികസന വകുപ്പ് അംഗീകരിച്ചിട്ടുള്ള ഹരിജൻ കോളനി ഇല്ല. അതിനാൽ ചോദ്യം ഉദിക്കുന്നില്ല.

വണ്ടന്നൂർ ഹരിജൻ കോളനിയിലെ പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെ ഉന്നമനം

1787 [2709] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ വണ്ടന്നൂർ ഹരിജൻ കോളനിയിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെയും, മറ്റും ഉന്നമനത്തിനുവേണ്ടി ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വണ്ടന്നൂർ ഹരിജൻ കോളനിയല്ല; ഹരിജൻ സങ്കേതമാണ്. ഇവിടെ 1982 ഏപ്രിൽ മുതൽ 1986 സെപ്തംബർ വരെ രണ്ട് വീടുകൾ വയറിംഗ് ചെയ്യുന്നതിനും രണ്ടു വീടുകൾ ഓല മേയുന്നതിനു, ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ ഒരു മിശ്രവിവാഹ ധനസഹായവും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly